**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2964** **28-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പൊതുടാപ്പുകളുടെ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുടാപ്പുകൾക്ക് നിലവിൽ നൽകുന്ന നിരക്ക് എത്രയെന്ന് അറിയിക്കാമോ; | (എ) | പ്രതിവർഷം സംസ്ഥാനത്തെ കോർപറേഷൻ/ മുനിസിപ്പാലിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ് നിലവിൽ ഒരു ടാപ്പിന് 8,692.11 രൂപയും പഞ്ചായത്തുകളുടെ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 5,788.13 രൂപയും ആണ്. |
| (ബി) | പുതിയ ബജറ്റ് പ്രകാരം പൊതുടാപ്പുകൾക്ക് എത്ര വർദ്ധനവാണ് നിരക്കിൽ വരുത്തിയതെന്ന് അറിയിക്കാമോ; | (ബി) | പുതിയ ബഡ്ജറ്റ് പ്രകാരം പൊതുടാപ്പുകളുടെ നിരക്കിൽ യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല. എന്നാൽ 03/02/2023 തീയതിയിലെ GO (MS) No. 11/2023/WRD ഉത്തരവ് പ്രകാരം പ്രതിവർഷം കോർപറേഷൻ/മുനിസിപ്പാലിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 21,838.68 രൂപയും പഞ്ചായത്തുകളുടെ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ഒരു ടാപ്പിന് 14,559.12 രൂപയും ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ഇത്തരത്തിലുള്ള വർദ്ധനവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നിലവിലെ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക അവസ്ഥ പരിഗണിച്ച് വർധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കുവാൻ നിർവ്വാഹമില്ല. 1000 ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപ ചിലവാകുന്നു.എന്നാൽ ലഭിക്കുന്ന ശരാശരി വരുമാനം 10.92 രൂപയാണ്.അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ 11.93 രൂപയുടെ നഷ്ടം വരുന്നു. മാത്രമല്ല വൈദ്യുതി ചാർജ്ജ് ഇനത്തിൽ 31-01-2023 ന് 1294.64 കോടി രൂപ KSEB ക്ക വാട്ടർ അതോറിറ്റി നൽകാനുണ്ട്.ഉല്പാദന ചിലവിനോടടുത്തെങ്കിലും വാട്ടർ ചാർജ്ജ് നിരക്ക് എത്തേണ്ടതുണ്ട്.ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ്ജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർധിപ്പിച്ചത്.<br>ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചിലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി |

| | | | |
|---|---|---|---|
| | | | **വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർധിച്ച വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. 2021-2022 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം വാട്ടർ അതോറിറ്റിക്ക് 31-03-2022 വരെ 4911.42 കോടി രൂപയാണ് സഞ്ചിത നഷ്ടം.**<br><br>**10/2014 ൽ ആണ് സമ്പൂർണ്ണമായി വാട്ടർ ചാർജ്ജ് വർധിപ്പിച്ചിട്ടുള്ളത്. ഈ വർദ്ധനവിലും 15,000 ലിറ്റർ വരെ ഉപഭോഗം ഉള്ള ഗാർഹിക ഉപഭോക്താക്കൾക്ക് യാതൊരു വിധ വർധനവും വരുത്തിയിട്ടില്ല. (04/2021 ലും 04/2022 ലും 5.00 % വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്). 6.5 ലക്ഷം ബി.പി.ൽ വിഭാഗത്തിൽ പെട്ട ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബി.പി.ൽ ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ജലം സൗജന്യമായാണ് ഇപ്പോൾ നൽകിവരുന്നത്.**<br><br>**2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും, പി.എഫ് ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. രാസവസ്തുക്കൾ, അറ്റകുറ്റപണികളുടെ ഉപകരണങ്ങൾ, കൂലി, തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിനു തുക കണ്ടത്തേണ്ടതുണ്ട്. അതിനാൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുക വഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും. മേല്പറഞ്ഞ സാഹചര്യത്തിലാണ് വാട്ടർ അതോറിറ്റി വാട്ടർ ചാർജ് വർധിപ്പിച്ചത്. ആയതിനാൽ വർധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കുവാൻ സാധിക്കാത്ത അവസ്ഥയാണ്.** |
| (ഡി) | എങ്കിൽ വർദ്ധിപ്പിച്ച നിരക്ക് കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | **നിലവിലെ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക അവസ്ഥ പരിഗണിച്ച് വർധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കുവാൻ നിർവ്വാഹമില്ല. 1000 ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ** |

അതോറിറ്റിക്ക് 22.85 രൂപ ചിലവാകുന്നു.എന്നാൽ ലഭിക്കുന്ന ശരാശരി വരുമാനം 10.92 രൂപയാണ്.അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ 11.93 രൂപയുടെ നഷ്ടം വരുന്നു. മാത്രമല്ല വൈദ്യുതി ചാർജ്ജ് ഇനത്തിൽ 31-01-2023 ന് 1294.64 കോടി രൂപ KSEB ക്കു വാട്ടർ അതോറിറ്റി നൽകാനുണ്ട്.ഉല്പാദന ചിലവിനോടടുത്തെങ്കിലും വാട്ടർ ചാർജ്ജ് നിരക്ക് എത്തേണ്ടതുണ്ട്.ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ്ജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർധിപ്പിച്ചത്.
ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചിലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. 2021-2022 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം വാട്ടർ അതോറിറ്റിക്ക് 31-03-2022 വരെ 4911.42 കോടി രൂപയാണ് സഞ്ചിത നഷ്ടം.

10/2014 ൽ ആണ് സമ്പൂർണ്ണമായി വാട്ടർ ചാർജ്ജ് വർധിപ്പിച്ചിട്ടുള്ളത്. ഈ വർദ്ധനവിലും 15,000 ലിറ്റർ വരെ ഉപഭോഗം ഉള്ള ഗാർഹിക ഉപഭോക്താക്കൾക്ക് യാതൊരു വിധ വർധനവും വരുത്തിയിട്ടില്ല. (04/2021 ലും 04/2022 ലും 5.00 % വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്). 6.5 ലക്ഷം ബി.പി.ൽ വിഭാഗത്തിൽ പെട്ട ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബി.പി.ൽ ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ജലം സൗജന്യമായാണ് ഇപ്പോൾ നൽകിവരുന്നത്.

2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും, പി.എഫ് ഉൾപ്പെടെയുള്ള മറ്റു ആനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. രാസവസ്തുക്കൾ, അറ്റകുറ്റപണികളുടെ ഉപകരണങ്ങൾ, കൂലി, തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ

| | | | |
|---|---|---|---|
| | | | **സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിനു തുക കണ്ടെത്തേണ്ടതുണ്ട്. അതിനാൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുക വഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും. മേല്പറഞ്ഞ സാഹചര്യത്തിലാണ് വാട്ടർ അതോറിറ്റി വാട്ടർ ചാർജ് വർധിപ്പിച്ചത്. ആയതിനാൽ വർധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കുവാൻ സാധിക്കാത്ത അവസ്ഥയാണ്.** |

സെക്ഷൻ ഓഫീസർ